REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 23-03-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ മദ്യനയ കേസിൽ ഈ മാസം 28 വരെ ഇഡി കസ്റ്റഡിയിൽ വിട്ടു. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഇടപെടൽ ആവശ്യപ്പെട്ട് പ്രതിപക്ഷം.
- ലോക്സഭാ തെരഞ്ഞെടുപ്പിനു 15 സ്ഥാനാർത്ഥികളുടെ പട്ടിക BJP പുറത്തിറക്കി.
- തിരഞ്ഞെടുപ്പ് ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാവിലെ കൊച്ചിയിൽ യോഗം ചേരും.
- ദേശീയ താൽപ്പര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരസ്പരം അടുത്ത ഏകോപനവും സഹകരണവും തുടരാൻ ഇന്ത്യയും ഭൂട്ടാനും ധാരണയായി.
- ക്രമക്കേടുകളെ തുടർന്ന് കേരളത്തിലെ രണ്ട് സ്കൂളുകളടക്കം 20 സ്കൂളുകളുടെ അംഗീകാരം CBSE റദ്ദാക്കി.
- IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിന് ജയം.

## വാർത്തകൾ വിശദമായി

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിനെ മദ്യനയ കേസിൽ കോടതി ഈ മാസം 28 വരെ ഇഡി കസ്റ്റഡിയിൽ

വിട്ടു. റോസ് അവന്യൂ കോടതിയിലെ പ്രത്യേക CBI ജഡ്ജി കാവേരി ബവേജയാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

ന്യൂസ് ഡസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

............വോയ്സ്............

അരവിന്ദ് കെജ്രിവാളിനെ 10 ദിവസത്തെ കസ്റ്റഡിയിൽ ആവശ്യപ്പെട്ട എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്, ദേശീയ തലസ്ഥാനത്തെ മദ്യനയ അഴിമതിയുടെ രാജാവ് കെജ്രിവാളാണെന്ന് കോടതിയെ അറിയിച്ചു. ഇപ്പോൾ പിൻവലിച്ച മദ്യനയം രൂപീകരിക്കുന്നതിൽ കെജ്രിവാളിന് നേരിട്ട് പങ്കുണ്ടെന്നും ഇഡി പറഞ്ഞു.

ജയിലിൽ കിടന്നും രാജ്യത്തിനായി പ്രവർത്തിക്കുമെന്ന് കോടതിയിലേക്ക് ഇഡി കൊണ്ടുപോകുമ്പോൾ അരവിന്ദ് കെജ്രിവാൾ മാധ്യമ പ്രവർത്തകന്റെ ചോദ്യത്തിന് മറുപടിയായി പറഞ്ഞു.

അരവിന്ദ് കെജ്രിവാൾ ഡൽഹി മുഖ്യമന്ത്രിയായി തുടരുമെന്ന് ആം ആദ്മി പാർട്ടി അറിയിച്ചു. കേന്ദ്രം ഭരിക്കുന്ന BJP-യുടെ രാഷ്ട്രീയ ഉപകരണമായി ഇഡി മാറിയെന്നും പാർട്ടി ആരോപിച്ചു.

✪✪✪

ഡൽഹിയിലെ മദ്യ കുംഭകോണത്തിന്റെ സൂത്രധാരൻ ഒടുവിൽ നിയമത്തിന്റെ കസ്റ്റഡിയിലായെന്ന് ബിജെപി പ്രതികരിച്ചു. ഭരണഘടനാ പദവിയിൽ ഇരുന്നു സത്യസന്ധത പുലർത്തുന്ന ഒരാൾ അഴിമതിയെ എങ്ങനെ നിർവചിക്കുന്നു

എന്ന് രാജ്യം ഇന്ന് കണ്ടിരിക്കുകയാണെന്ന് പാർട്ടിയുടെ മുതിർന്ന നേതാവും കേന്ദ്രമന്ത്രിയുമായ സ്മൃതി ഇറാനി ന്യൂഡൽഹിയിൽ പറഞ്ഞു.

അതേസമയം, കെജ്‌രിവാൾ മുഖ്യമന്ത്രിയായി തുടരുമെന്ന് AAP നേതാവും ഡൽഹി മന്ത്രിയുമായ അതിഷി വ്യക്തമാക്കി. ഒരു ഭരണഘടനാ വ്യവസ്ഥയും അദ്ദേഹം രാജിവെക്കണമെന്ന് ആവശ്യപ്പെടുന്നില്ലെന്നും അവർ പറഞ്ഞു.

✪✪✪

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന്റെ അറസ്റ്റിന് പിന്നാലെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഇടപെടൽ ആവശ്യപ്പെട്ട് പ്രതിപക്ഷം.

പ്രതിപക്ഷത്തിനെതിരെ അന്വേഷണ ഏജൻസികളെ ദുരുപയോഗം ചെയ്തതിന്റെ തെളിവുകൾ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയതായി തിരഞ്ഞെടുപ്പ് കമ്മീഷനെ കണ്ട പ്രതിപക്ഷ നേതാക്കൾ ന്യൂഡൽഹിയിൽ അറിയിച്ചു. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് ഒരു മുഖ്യമന്ത്രി അറസ്റ്റിലാകുന്നതെന്നും അവർ പറഞ്ഞു.

പ്രതിപക്ഷ നേതാക്കൾക്കെതിരെ കേന്ദ്ര ഏജൻസികളെ ഗവണ്മെന്റ് ദുരുപയോഗം ചെയ്യുകയാണെന്ന് കമ്മീഷനുമായി കൂടിക്കാഴ്ചയ്ക്ക് ശേഷം മാധ്യമങ്ങളെ കണ്ട മുതിർന്ന കോൺഗ്രസ് നേതാവ് അഭിഷേക് മനു സിംഗ്‌വി ആരോപിച്ചു, ഇത് നീതിപൂർവകമായ തിരഞ്ഞെടുപ്പ് പ്രക്രിയയെയും ജനാധിപത്യത്തെയും ദുർബലപ്പെടുത്തുകയാണെന്നും അദ്ദേഹം പറഞ്ഞു.

കോൺഗ്രസ്, ടിഎംസി, DMK, ഇടതുപാർട്ടികൾ, സമാജ്‌വാദി പാർട്ടി തുടങ്ങിയവയുടെ നേതാക്കളാണ് സംഘത്തിൽ ഉണ്ടായിരുന്നത്.

✪✪✪

ലോക്സഭാ തെരഞ്ഞെടുപ്പിനു 15 സ്ഥാനാർത്ഥികളുടെ നാലാമത്തെ പട്ടിക BJP പുറത്തിറക്കി. പുതുച്ചേരിയിലെയും തമിഴ്നാട്ടിലെയും സ്ഥാനാർത്ഥികളെയാണ് പ്രഖ്യാപിച്ചത്.

പൊതുതിരഞ്ഞെടുപ്പിനു 276 സ്ഥാനാർത്ഥികളുടെ പേര് നേരത്തെ പാർട്ടി പുറത്തുവിട്ടിരുന്നു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പ് വിലയിരുത്തുന്നതിനായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ നേതൃത്വത്തിൽ രാവിലെ കൊച്ചിയിൽ അവലോകന യോഗം ചേരും.

ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ജില്ലാ ഇലക്ഷൻ ഓഫീസർ, പോലീസ് കമ്മീഷണർമാർ, ജില്ലാ പോലീസ് മേധാവികൾ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർ, തുടങ്ങിയവർ യോഗത്തിൽ പങ്കെടുക്കും.

✪✪✪

തെരഞ്ഞെടുപ്പ് ചൂടിൽ പത്തനംതിട്ട.

കടുത്ത ത്രികോണ മത്സരം പ്രതീക്ഷിക്കുന്ന മണ്ഡലത്തിൽ ഇത്തവണ ഫലം ആർക്ക് അനുകൂലമാകുമെന്നത് പ്രവചനാതീതമാണ്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

............വോയ്സ്.............

✪✪✪

പൗരത്വ ഭേദഗതി നിയമ വിഷയത്തിൽ കോൺഗ്രസിന്റെ ദേശീയ നേതൃത്വം നിലപാട് വ്യക്തമാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ആവശ്യപ്പെട്ടു. കോഴിക്കോട് കടപ്പുറത്ത് ബഹുജന റാലി ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. LDF-നും സംസ്ഥാന ഗവൺമെന്റിനും ഒരു തരത്തിലും ഒളിച്ചുകളിയില്ലെന്നും ഇക്കാര്യത്തിൽ ശക്തമായ നിലപാടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

അരവിന്ദ് കേജരിവാളിനെ അറസ്റ്റ് ചെയ്തതോടെ അധികാരത്തിന്റെ മറവിൽ രണ്ടാമത്തെ മുഖ്യമന്ത്രിയെയാണ് ഇ.ഡി വിചാരണക്ക് വിധേയമാക്കുന്നതെന്ന് CPI സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം M.P പറഞ്ഞു. ആലപ്പുഴ പ്രസ് ക്ലബ് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി സംഘടിപ്പിച്ച മുഖാമുഖം പരിപാടിയായ ജനസമക്ഷം - 2024-ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

അഴിമതി രഹിതമായ ഭരണമാണ് നമ്മുടെ രാജ്യത്ത് ആവശ്യമെന്ന് BJP നേതാവ് P.C.ജോർജ്ജ് പറഞ്ഞു.

കണ്ണൂർ ലോക്സഭാ മണ്ഡലം NDA തെരഞ്ഞെടുപ്പ് കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിൽ ആദ്യമായി BJP അക്കൗണ്ട് തുറക്കുമെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ലോകസഭ തെരഞ്ഞെടുപ്പ് ജോലികൾക്ക് നിയോഗിക്കേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ഇനിയും നൽകിയിട്ടില്ലാത്ത സ്ഥാപന മേധാവികൾക്കെതിരെ ജനപ്രാതിനിധ്യ നിയമപ്രകാരം കർശന നടപടി സ്വീകരിക്കാൻ കോഴിക്കോട് ജില്ലാ കലക്ടർ ഉത്തരവായി.

ഏതെങ്കിലും സ്ഥാപനങ്ങൾ, ജീവനക്കാരുടെ പേര് വിവരം ഇലക്ഷൻ കമ്മീഷന്റെ സോഫ്റ്റ് വെയർ വഴി സമർപ്പിക്കാൻ ബാക്കിയുണ്ടെങ്കിൽ തദ്ദേശ ഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് ഇന്ന് തന്നെ വിവരങ്ങൾ നൽകണമെന്ന് ജില്ലാ ഇലക്ഷൻ ഓഫീസർ അറിയിച്ചു.

✪✪✪

ലോക്സഭാ തിരഞ്ഞെടുപ്പിൽ പോളിങ് ബൂത്തുകളിൽ നിയോഗിക്കുന്നതിനായി ജീവനക്കാരുടെ ഡാറ്റാ എൻട്രി തിരഞ്ഞെടുപ്പ് കമ്മീഷന്റെ സൈറ്റിൽ എല്ലാ ഓഫീസ് മേധവികളും ഇന്ന് 2 മണിക്കകം പൂർത്തിയാക്കണമെന്ന് ജില്ലാ ഇലക്ഷൻ ഓഫീസറായ മലപ്പുറം ജില്ലാ കളക്ടർ അറിയിച്ചു. അല്ലാത്തവർക്കെതിരെ 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾ പ്രകാരം ശിക്ഷാ നടപടി കൈക്കൊള്ളുമെന്ന് കളക്ടർ മുന്നറിയിപ്പ് നൽകി.

✪✪✪

ദേശീയ താൽപ്പര്യങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പരസ്പരം അടുത്ത ഏകോപനവും സഹകരണവും തുടരാൻ ഇന്ത്യയും ഭൂട്ടാനും തീരുമാനിച്ചു. ജലവൈദ്യുതി, സൗരോർജ്ജം, ഹരിത ഹൈഡ്രജൻ എന്നീ മേഖലകളിൽ ഇന്ത്യയും ഭൂട്ടാനും പങ്കാളിത്തം വിപുലീകരിക്കുന്നത് തുടരുമെന്നും മേഖലയിലെ ഊർജ സുരക്ഷ വർധിപ്പിക്കുന്നതിനായി പുതിയ പദ്ധതികൾ സംയുക്തമായി വികസിപ്പിക്കുമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭൂട്ടാൻ സന്ദർശനവുമായി ബന്ധപ്പെട്ട സംയുക്ത പ്രസ്താവനയിൽ പറഞ്ഞു. റെയിൽ, റോഡ്, വ്യോമ, ജലപാതകൾ, എന്നിവയുടെയും ചരക്കുകളുടെയും സേവനങ്ങളുടെയും തടസ്സമില്ലാത്ത അതിർത്തി കടന്നുള്ള നീക്കത്തിന് വ്യാപാര അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക, ഡിജിറ്റൽ കണക്റ്റിവിറ്റി എന്നിവ പ്രോത്സാഹിപ്പിക്കുന്നത് തുടരാനും ഇരു രാജ്യങ്ങളും സമ്മതിച്ചു.

✪✪✪

ക്രമക്കേടുകളെ തുടർന്ന് കേരളത്തിലെ രണ്ട് സ്കൂളുകളടക്കം 20 സ്കൂളുകളുടെ അഫിലിയേഷൻ CBSE റദ്ദാക്കി. ഡൽഹിയിൽ മാത്രം അഞ്ച് സ്കൂളുകളുടെ അംഗീകാരമാണ് റദ്ദാക്കിയത്. ബോർഡ് നടത്തിയ മിന്നൽ പരിശോധനയിൽ അഫിലിയേഷൻ, പരീക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നതിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്നാണ് കർശന നടപടി സ്വീകരിച്ചതെന്ന് CBSE അറിയിച്ചു.

✪✪✪

കൊച്ചിയിലെ സീപോർട്ട്-എയർപോർട്ട് റോഡ് നിർമ്മാണത്തിനായി 1.632 ഹെക്ടർ HMT ഭൂമി നിശ്ചിത തുക കെട്ടിവെച്ച് ആർ.ബി.ഡി.സി.കെ ക്ക് വിട്ടുനൽകാൻ സുപ്രീം കോടതി ഉത്തരവിട്ടു. റോഡ് വികസനത്തിന് എച്ച്.എം.ടി ഭൂമി ലഭ്യമാക്കുന്നതിന് 16 കോടി 34 ലക്ഷം രൂപ ദേശസാൽകൃത ബാങ്കിൽ കെട്ടിവെക്കാനാണ് സുപ്രീം കോടതി നിർദ്ദേശം. ഭൂമി സംസ്ഥാന ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന ഹൈക്കോടതി ഉത്തരവിനെതിരെ HMT സമർപ്പിച്ച അപ്പീലിലാണ് ഇടക്കാല ഉത്തരവ്.

✪✪✪

IPL ക്രിക്കറ്റിൽ ചെന്നൈ സൂപ്പർ കിംഗ്സിന് വിജയത്തുടക്കം. ചെന്നൈയിലെ ആദ്യ മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ ആറു വിക്കറ്റിന് തോൽപ്പിച്ചാണ് നിലവിലെ ചാമ്പ്യൻമാരായ ചെന്നൈ ജയം നേടിയത്. ബംഗളുരു ഉയർത്തിയ 174 റൺസ് വിജയലക്ഷ്യം ചെന്നൈ നാല് വിക്കറ്റ് നഷ്ടത്തിൽ എട്ട് പന്ത് ബാക്കി നിൽക്കെ മറികടന്നു.

ഇന്ന് രണ്ട് മത്സരങ്ങളുണ്ട്. ഉച്ച കഴിഞ്ഞ് 3.30 ന് മൊഹാലിയിൽ ഡൽഹി കാപ്പിറ്റൽസ് പഞ്ചാബ് കിംഗ്സിനെ നേരിടും. കൊൽക്കത്തെയിൽ വൈകിട്ട് ഏഴരയ്ക്ക് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, സൺറൈസേഴ്സ് ഹൈദരാബാദുമായി മത്സരിക്കും.

✪✪✪

സ്വിസ് ഓപ്പൺ ബാഡ്മിന്റണിൽ മലയാളി താരം കിഡംബി ശ്രീകാന്ത് സെമിഫൈനലിൽ പ്രവേശിച്ചു. പുരുഷ സിംഗിൾസ് ക്വാർട്ടർ ഫൈനലിൽ ലീ ചിയാ ഹാവോയെയാണ് ശ്രീകാന്ത് പരാജയപ്പെടുത്തിയത്. ഇന്ന് സെമിയിൽ ശ്രീകാന്ത്, ലിൻ ചുൻ-യിയെ നേരിടും.

✪✪✪

ആന്ധ്രാപ്രാദേശിലെ രായലസീമ യൂണിവേഴ്സിറ്റിയിൽ നടന്ന അഖിലേന്ത്യാ അന്തസ്സർവകലാശാല സെപക് താക്രോ ചാമ്പ്യൻഷിപ്പിൽ കാലിക്കറ്റ് സർവകലാശാലക്ക് പങ്കെടുത്ത മൂന്ന് വിഭാഗത്തിലും മെഡൽ ലഭിച്ചു . ക്വാഡ്രന്റ് വിഭാഗത്തിൽ മണിപ്പൂർ യൂണിവേഴ്സിറ്റിയെ പരാജയപ്പെടുത്തി കാലിക്കറ്റ് വെള്ളി നേടി. റെഗു ഇനത്തിൽ നാഗ്പൂർ സർവകലാശാലയെ തോൽപ്പിച്ച് വെങ്കലം കരസ്ഥമാക്കി. ടീം ഇനത്തിൽ നിലവിലെ ചാമ്പ്യന്മാരായ മണിപ്പൂർ യൂണിവേഴ്സിറ്റിയെ പരാജയ പ്പെടുത്തിയാണ് കാലിക്കറ്റ് വെങ്കലം കരസ്ഥമാക്കിയത്.

✪✪✪

ഉത്തര മലബാറിലെ വസന്തോത്സവം എന്നറിയപ്പെടുന്ന പൂരോത്സവം ഇന്ന് സമാപിക്കും. ഒരാഴ്ചത്തെ ആഘോഷ ചടങ്ങുകളാണ് പൂർത്തിയാവുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ല പ്രതിനിധി കെ.ഒ.ശശിധരൻ

...........വോയ്സ്.............

✪✪✪

ദക്ഷിണഭാരതത്തിലെ ഏക ദുര്യോധനക്ഷേത്രമായ കൊല്ലം പോരുവഴി പെരുവരുത്തി മലനടയിലെ മലക്കുട മഹോത്സവം ആചാരപരമായ ചടങ്ങുകളോടെ നടന്നു.

കാർഷികപാരമ്പര്യത്തിന്റെ പ്രതീകങ്ങളായ കെട്ടുകാളകളും നെടും കുതിരകളും പാടംതാണ്ടി കുന്നു കയറുന്നത് കൗതുകക്കാഴ്ചയായി. പാടവും, തോടും ഉത്സവപ്പറമ്പാകുന്ന ഗ്രാമീണ ഉത്സവാനുഭവത്തിന്റെ ഭാഗമാകാൻ ഇക്കുറിയും പതിനായിരങ്ങളാണ് എത്തിയത്.

✪✪✪

आकाशवाणी